# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2144** **08/03/2018-ൽ മറുപടിയ്ക്ക്**

### വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| ഗുരുതരമായ രോഗം ബാധിച്ച് യാതന അനുഭവിക്കുന്നവരും, കുടുംബനാഥൻ മരണപ്പെട്ടതുമൂലം പൂർണ്ണമായും വരുമാന സ്രോതസ്സ് നിലച്ചവരുമായിട്ടുള്ളവർ സഹകരണസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഗുരുതരമായ രോഗം ബാധിച്ച് യാതന അനുഭവിക്കുന്നവരും, കുടുംബനാഥൻ മരണപ്പെട്ടതുമൂലം പൂർണ്ണമായും വരുമാന സ്രോതസ്സ് നിലച്ചവരുമായിട്ടുള്ളവർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിന്മേൽ കുടിശ്ശിക കുറയ്ക്കുന്നതിനും ഇളവുകൾ നൽകി കുടിശ്ശിക തീർപ്പാക്കുന്നതിനുമായി "നവകേരളീയം കുടിശ്ശിക നിവാരണം - 2018" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 2018 ഫെബ്രുവരി 15 മുതൽ മാർച്ച് 25 വരെയാണ്. മരണപ്പെട്ടവരുടെയും മാരകരോഗം ബാധിച്ചവരുടെയും കുടിശ്ശികയായ വായ്പകൾ ഈടാക്കാൻ യാതൊരു നിവൃത്തിയും ഇല്ലാത്ത പക്ഷം ഒരു ലക്ഷം രൂപ വരെയുള്ള വായ്പകളിന്മേൽ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിക്ക് ഇളവനുവദിക്കാവുന്നതാണ്. ഒരു ലക്ഷത്തിന് മുകളിലുള്ള കേസുകളിൽ സംഘം തല കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്. വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) |

| | |
|---|---|
| | വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിതള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പദ്ധതി നിലവിലുണ്ട്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. കൂടാതെ, റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള ഏഴ് മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000/- രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. |

**സെക്ഷൻ ഓഫീസർ**